പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3225 14 .07. 2015 ൽ മറുപടിക്ക്

## ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകളുടെ നിർമ്മാർജ്ജനം

ചോദ്യം

ശ്രീ. പി.കെ. ബഷീർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ? എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) & (ബി) | സി.എഫ്.എൽ, ട്യൂബ് ലൈറ്റ് എന്നിവ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിശദ പഠന റിപ്പോർട്ട് (Detailed project report) തയ്യാറാക്കുന്നതിന് ഡൽഹിയിലെ ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ 2014 ൽ ചുമതലപ്പെടുത്തി. റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പരിഗണനാ വിഷയങ്ങൾ താഴെപ്പറയുന്നവയായിരുന്നു.<br>• കേരളത്തിലെ ഇത്തരത്തിലുള്ള വിളക്കുകളുടെ ഉപയോഗത്തെക്കുറിച്ച് പഠനം നടത്തി പരിസ്ഥിതി സൗഹൃദവും, ചെലവു കുറഞ്ഞതും കേരളത്തിന് അനുയോജ്യ മായതും ലോക നിലവാരത്തിലുള്ളതുമായ റീസൈക്കിൾ മാതൃകകൾ കണ്ടെത്തുക.<br>• സി. എഫ്. എൽ, ട്യൂബ് ലൈറ്റുകൾ ഇവ ശേഖരിക്കുന്നതിനും സുരക്ഷിതമായി നശിപ്പിക്കുന്നതിനുമുള്ള പ്ലാന്റുകളുടെ വിന്യാസം നിർണ്ണയിക്കുക<br>• ഇവയിൽ അടങ്ങിയിരിക്കുന്ന മെർക്കുറി വേർതിരിക്കൽ, അവയുടെ സംസ്കരണം എന്നിവയ്ക്ക് മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക..<br>തദനുസരണം ഐ.ആർ.ജി സിസ്റ്റംസ് തയ്യാറാക്കിയ വിശദപഠന റിപ്പോർട്ട് 29.06.2015 ൽ തിരുവനന്തപുരത്ത് വച്ച് Pollution Control Board, KSUDP, Environment Department, KSEB, ANERT, Clean Kerala Company എന്നിവയിലെ ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് തയ്യാറാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | | |
| (സി) | സി.എഫ്.ലാമ്പുകളുടെ റീ-സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | റീ സൈക്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത കൂടി അടങ്ങിയ അന്തിമ റിപ്പോർട്ടാണ് തയ്യാറാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ